| | |
|---:|:---|
| **ഏക ഭാരതം** | **തെരഞ്ഞെടുപ്പു** |
| **ശ്രേഷ്ഠ ഭാരതം** | **പ്രകടന പത്രിക** |
| **എല്ലാവർക്കുമൊപ്പം** | **2014** |
| **എല്ലാവരുടെയും വികസനം** | **പ്രധാനഭാഗങ്ങൾ** |

# ഭാരതീയ ജനതാ പാർട്ടി

**ആമുഖം**

ജനാധിപത്യം, ജനസംഖ്യ, ആവശ്യകത എന്നീ മൂന്നു അസാധാരണമായ മൂന്നു കാര്യങ്ങളുടെ അവസരവും ശേഷിയും ഒത്തുചേർന്ന് അനുഗ്രഹിക്കപ്പെട്ട നിലയിലാണ് ഇന്ന് ഇന്ത്യ. ഈ മൂന്നിനേയും ഒന്നിപ്പിക്കുകയാണെങ്കിൽ നമ്മുടെ രാജ്യം അർഹിക്കുന്ന ഉയരത്തിൽ നമുക്ക് ഇന്ത്യയെ എത്തിക്കാനാകും. കസഴിഞ്ഞ 60 വർഷം ഇന്ത്യ ഭരിച്ചവർക്ക് ദുരുദ്ദേശ്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നതാണ് ഇന്നത്തെ ഈ ദുരവസ്ഥയ്ക്കു കാരണം. അതുകൊണ്ടുതന്നെ തികച്ചും വേറിട്ടൊരു വഴി നാം കാണിച്ചുകൊടുക്കണം. ബിജെപിയുടെ നയലക്ഷ്യങ്ങളും പരിപാടികളും ഇതായിരിക്കും: ഒരേയൊരിന്ത്യ, ശ്രേഷ്ഠ ഇന്ത്യ. അതിനുള്ള മാർഗ്ഗം ഇതായിരിക്കണം: സർവർക്കുമൊപ്പം, സർവർക്കും വികസനം. ഇതാണ് ഇന്ത്യൻ ജനതയോടുള്ള നമ്മുടെ പ്രതിബദ്ധത.

ഈ ലക്ഷ്യത്തിൽ നരേന്ദ്ര മോദിയുടെ വിസ്മയകരമായ നേതൃത്വത്തിൽ, സ്ഥിരവും ശക്തവും കാഴ്ചപ്പാടുള്ളതും പുരോഗമനാത്മകവുമായ സർക്കാർ ഇന്ത്യയിൽ രൂപപ്പെടുത്താൻ ആത്മാർത്ഥമായി, പാർട്ടി 16-ാം ലോക്സഭാ തെരഞ്ഞെടുപ്പു രംഗത്തിറങ്ങിയിരിക്കുകയാണ്.

**നമ്മുടെ വിധിയേയും രാജ്യത്തെയും മാറ്റാനുള്ള അവസരം വന്നിരിക്കുകയാണ്.**

*ഇന്ത്യാ നിർമ്മാണം.*

എല്ലാ അടിസ്ഥാനസൗകര്യങ്ങളും ആധുനിക സൗകര്യങ്ങളുമുള്ള **100 പുതിയ നഗരങ്ങൾ** പണിതുയർത്തും.

വികസന കാര്യങ്ങൾക്കു മുൻ തൂക്കം കൊടുത്ത് **100 പിന്നാക്ക ജില്ലകളെ** പുരോഗതിയിലേക്കുനയിച്ച് വികസനം നടപ്പാക്കും.

വൃത്തിക്കും കക്കൂസുകൾക്കും മുൻതൂക്കം നൽകുന്ന മാതൃകാ നഗരങ്ങൾ

ഗ്രാമീണ പുനരുത്ഥാന പ്രവർത്തനം ഊർജ്ജിതമാക്കി നഗരങ്ങളിലെ സൗകര്യങ്ങൾ **ഗ്രാമീണ** ജനതക്കും പ്രാപ്യമാക്കും.

ദേശീയ ഊർജ്ജ നയം നടപ്പാക്കും

എല്ലാ വീടുകൾക്കും വ്യവസായ സംരംഭങ്ങൾക്കും വേണ്ടി ഗ്യാസ് ഗ്രിഡ് സ്ഥാപിക്കും

പൊതു സ്ഥലങ്ങളിലും വാണിജ്യ കേന്ദ്രങ്ങളിലും വൈ ഫൈ സൗകര്യം

**ബുള്ളറ്റ് ട്രെയിൻ** എന്ന ഹൈസ്പീഡ് ട്രെയിൻ നെറ്റ് വർക്ക് നടപ്പിലാക്കുന്ന **ഡയമണ്ട് ക്വാഡ്രിലാറ്ററൽ പ്രോജക്ട്**

കൊണ്ടുവരും.

കാർഷിക, തീർത്ഥാടന, വിനോദ സഞ്ചാര റയിൽ ശൃംഖല നടപ്പിലാക്കും.

**ചെലവു കുറഞ്ഞ വീടു** നിർമ്മാണ പരിപാടി വ്യാപകമാക്കി സ്വാതന്ത്ര്യ ലബ്ധിയുടെ 75ാം വർഷത്തിൽ എല്ലാവർക്കും

സകല സൗകര്യവുമുള്ള വീടെന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കും

*വിലക്കയറ്റം തടയാൻ*

കരിഞ്ചന്ത തടയാൻ കർക്കശമായ നിയമ സംവിധാനം ഒരുക്കാൻ പ്രത്യേക കോടതികൾ തുറക്കും
ഫുഡ്കോർപ്പറേഷനെ യുക്തി സഹമായിപരിഷ്കരിക്കും.
ദേശീയ കാർഷിക വിപണി ആരംഭിക്കും

*അഴിമതിക്കെതിരേ*

**അഴിമതി തീരെയില്ലാത്ത** ഒരു സംവിധാനം ഉണ്ടാക്കും

**സാങ്കേതികത അടിസ്ഥാനമാക്കിയുള്ള** ഇ ഗവേണസ് സംവിധാനം അഴിമതി തടയുന്നതിനു സഹായകമാവും.
**സംവിധാനമുള്ള നയമുള്ള ഭരണം** സുതാര്യമായി നടത്തും

എല്ലാ തലത്തിലും നടപടിക്രമത്തിൽ **ലളിതവൽകരണം നടപ്പിലാക്കും,** സാധാരണക്കാർക്ക് സഹായകമാക്കും
*തൊഴിലും സംരംഭകത്വവും*

**തൊഴിൽ സാധ്യത ഏറെയുള്ള** ടെക്സ്റ്റൈൽ,ഇൻഫ്രാ സ്ട്രക്ടർ, ഹൗസിംഗ്, ടൂറിസം മേഖലയിൽ കൂടുതൽ ഊന്നൽ നൽകും
**കാർഷിക** ഉൽപ്പന്നങ്ങൾ അടിസ്ഥാമാക്കിയുള്ള വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കും. **റീട്ടെൽ** മേഖലയെ
ആധുനികവൽകരിക്കും.
എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കരിയർ സെന്ററുകളാക്കി മാറ്റും

വനിതകൾക്ക് **33% സംവരണം** തെരഞ്ഞെടുക്കപ്പെടുന്ന വേദികളിൽ ഉറപ്പാക്കും.
പെൺകുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി ബേട്ടീ ബചാവോ ബേട്ടീ പഠാവോ എന്ന പേരിൽ ദേശീയ തലത്തിൽ പ്രചാരണപരിപാടി സംഘടിപ്പിക്കും.
വനിതകളുടെ കഴിവു വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ നടത്തി **ഐ ടി മേഖലയിൽ** വനിതാ ഘടകങ്ങളെ സൃഷ്ടിക്കും.
ആസിഡ് ആക്രമണത്തിനിരയാകുന്നവർക്കു വേണ്ടി വരുന്ന മുഴുവൻ സൗന്ദര്യ **ചികിത്സാ ചെലവും** ഏറ്റെടുക്കും.
പോലീസ് സ്റ്റേഷനുകൾ **വനിതാ സൗഹൃദമാക്കും**. വനികളെ കൂടുതൽ പോലീസിൽ നിയമിക്കും

*എസ് സി, എസ് ടി, ഒബിസി, മറ്റു ദുർബല വിഭാഗങ്ങൾ-ഇവർക്ക് സാമൂഹ്യ നീതിയും ശാക്തീകരണവും*

സാമൂഹ്യ നീതിക്കും സാമൂഹ്യ സൗഹാർദ്ദത്തിനും പ്രതിബദ്ധം.
**തൊട്ടുകൂടായ്മ** നിർമ്മാർജ്ജനം ചെയ്യും.
എല്ലാവർക്കും തുല്യമായ വിദ്യാഭ്യാസം, ആരോഗ്യം **ജീവനോപാധി** എന്നി ലഭ്യമാക്കാൻ നടപടി എടുക്കും.
ഇവരുടെ സുരക്ഷ ഉറപ്പാക്കാനും പട്ടികജാതി, വർഗക്കാർക്കെതിരായ **അതിക്രമങ്ങൾ തടയാനും** മുൻഗണന.
പട്ടികജാതി, വർഗ്ഗക്കാർക്കും പിന്നോക്കക്കാർക്കുമുള്ള ഫണ്ടുകൾ **ശരിയായിട്ടാണ് ചെലവഴിക്കുന്ന**തെന്ന് ഉറപ്പാക്കും.
ഇവർക്ക് വീടുകളും വിദ്യാഭ്യാസവും **ആരോഗ്യവും ഉറപ്പാക്കാൻ** പദ്ധതി കൊണ്ടുവരും. കുട്ടികളിൽ, പ്രത്യേകിച്ച് പെൺകുട്ടികളിൽ ഊന്നൽ നൽകും.

*ന്യൂനപക്ഷങ്ങൾക്കു തുല്യാവസരം*

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കും. **ദേശീയ മദ്രസ നവീകരണ** പദ്ധതി തുടങ്ങും.

അവരുടെ പാരമ്പര്യ കരകൗശലപാടവം വികസിപ്പിക്കും. അങ്ങനെ **ചെറുകിട വ്യവസായ മേഖല**യെ ശക്തമാക്കും. ഉല്പ്പന്നങ്ങൾക്ക് വിപണിയും ഉല്പാദനത്തിന് വായ്പയും ലഭ്യമാക്കും.
സമാധാന അന്തരീക്ഷം ഉറപ്പാക്കും. **സമുദായങ്ങൾ തമ്മിലുള്ള സമരസതയും** വിശ്വാസവും നിലനിർത്താൻ മതനേതാക്കളുടെ സഹകരണത്തോടെ പരസ്പര കൂടിയാലോചനങ്ങൾക്കുള്ള സംവിധാനം രൂപീകരിക്കും.

*നവ മദ്ധ്യവർത്തികൾ- അവരുടെ പ്രതീക്ഷികൾ*

സമ്പന്ന മധ്യവർത്തികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ, സ്കോളർഷിപ്പുകൾ,മെഡിക്കൽ ഇൻഷുറൻസ്, ആരോഗ്യ സേവനം തുടങ്ങിയവ ഉറപ്പാക്കും

*ഭീകരതയോടു വിട്ടുവീഴ്ചയില്ല*

ഭീകര വിരുദ്ധ സംവിധാനങ്ങൾ ശക്തിപ്പെടുത്തും. ഭീകര പ്രവർത്തന കേസുകളിൽ വേഗം തീർപ്പാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കും. **എൻഐഎ**യെ ശക്തമാക്കും.
**നാഷണൽ സെക്യൂരിറ്റി കൗൺസിൽ** പുനഃസംഘടിപ്പിച്ച് സുരക്ഷാ കാര്യങ്ങളിൽ വിവിര ശേഖരണ കേന്ദ്രമാക്കും.
സമ്പൂർണ്ണമായി നിലവിലുള്ള ഇന്റലിജൻസ് സംവിധാനങ്ങളും സൗകര്യങ്ങളും ഉടച്ചു വാർക്കും.

*മുതിർന്ന പൗരന്മാർ*

സാമ്പത്തിക സഹായം നൽകും. അധിക നികുതിയിളവുകളും കൂടിയ പലിശ നിരക്കും നൽകും
*വൈകല്യമുള്ളവർക്ക്*
വികലാംഗർക്കു വേണ്ടി പ്രത്യേക നിയമമുണ്ടാക്കും
വെബ് സൗകര്യം വഴി രാജ്യത്തെ മുഴുവൻ അംഗ വൈകല്യമുള്ളവരുടെയും വിവര ശേഖരണം നടത്തും.

*യുവാക്കൾ: ഇന്ത്യയെ മികച്ചതാക്കാൻ*

യുവാക്കൾക്കായി **ദേശീയ ഉപദേശക കൗൺസിലുണ്ടാക്കും**. യുവജനതയെ വികസന പദ്ധതികളിൽ സജീവ പങ്കാളികളാക്കും
കണ്ടുപിടുത്തങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യവ്യാപകമായി ജില്ലാതല പരിപാടികൾ നടത്തും. **യുവത്വം വികസനത്തിന് എന്ന പദ്ധതി** ആരംഭിക്കും.
യുവാക്കളേയും കായിക രംഗത്തെയും പ്രോത്സാഹിപ്പിക്കാൻ നാഷണൽ സ്പോർട്സ് ടാലന്റ് സെർച്ച് സിസ്റ്റം രൂപീകരിക്കും.

*ആരോഗ്യ സേവന മേഖല- മേഖല വിപുലമാക്കും, ഗുണനിലവാരം കൂട്ടും, ചെലവു കുറയ്ക്കും*

എല്ലാ ഇന്ത്യക്കാർക്കും ആരോഗ്യ ഇൻഷുറൻസ്, ചികിത്സക്ക് സ്വന്തം കയ്യിലെ പണച്ചെലവു കുറയ്ക്കും
പുതിയ **ഹെൽത്ത് പോളിസിയും നാഷണൽ ഹെൽത്ത്അഷുറൻസ് മിഷനും**
മൊബൈൽ ഫോൺ വ്യാപക ഉപയോഗ സൗകര്യം മുൻ നിർത്തി നാഷണൽ ഇ ഹെൽത്ത് അഥോറിറ്റി ഉണ്ടാക്കും
എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ചികിത്സാ സംവിധാനം
2019-ൽ ഗാന്ധിജിയുടെ **150-ാം ജന്മവർഷ**ത്തിൽ ആരോഗ്യ ഭാരതം പദ്ധതി

*ലളിതമായ നികുതി സംവിധാനം*

നികുതി സംവിധാനവും ഘടനയും ലഘൂകരിക്കും

*കൃഷി- ഉൽപ്പാദനപരവും ശാസ്ത്രീയവും പ്രോത്സാഹ ജനകവുമായ പദ്ധതി*

കർഷകർക്ക് ചെലവിന്റെ 50 ശതമാനം നേട്ടം ഉറപ്പാക്കും

പ്രാദേശിക കിസാൻ ടിവി ചാനൽ, എപിഎംസി ആക്ടിന്റെ പരിഷ്കാരം, വിള ഇൻഷുറൻസ്
നാഷണൽ ലാൻഡ് യൂസ് പോളിസി നടപ്പാക്കും

*വ്യവസായം- ആധുനികം, മത്സരാധിഷ്ഠിതം*

ഇന്ത്യയിൽഇ ബിസിനസ് എളുപ്പവും സുഖകരവും ആണെന്ന പ്രതീതി ഉണ്ടാക്കും
തടസമില്ലാത്ത വൈദ്യുതി ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ
ചെറുകിട മേഖലയിൽ **നേരിട്ടുള്ള വിദേശ നിക്ഷേപം** തടയും
ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ എംഎസ്എംഇയുടെ പുനസംഘടന

*ഗ്രാമീണ മേഖലക്ക്*

ഗ്രാമങ്ങളുമായി **എല്ലാ കാലാവസ്ഥയ്ക്കും** അനുയോജ്യമായ റോഡുകൾ
എല്ലാ വയലുകൾക്കും വെള്ളം പദ്ധതിക്കായി പ്രധാനമന്ത്രി ഗ്രാമീണ ജലസേചന പദ്ധതി

*അസംഘടിത മേഖലയ്ക്ക്*
തിരിച്ചറിയൽ കാർഡ്, തൊഴിലാളികൾക്കു മാത്രമായി ബാങ്ക്, അസംഘടിത മേലഖലയിൽ **പെൻഷനും ആരോഗ്യ പദ്ധതിയും**

*നെയ്ത്തുകാരും കരകൗശലക്കാരും*

കരകൗശലക്കാർക്കും കൊല്ലൻ, ആശാരിമാർ, നെയ്ത്തുകാർ, ബാർബർമാർ, കുശവന്മാർ തുടങ്ങിയവർക്കായി തൊഴിൽ സംവിധാനം മെച്ചപ്പെടുത്തൽ പദ്ധതി

*വിമുക്ത ഭടന്മാർ*
വിമുക്തരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

*ഹിമാലയം*
രാജ്യത്തെമ്പാടും നയ-നൈപുണ്യ ശേഷി വർദ്ധനക്കു ലക്ഷ്യമിട്ട് രാജ്യമെമ്പാടും സർക്കാരുകൾ ചേർന്നുള്ള പങ്കാളിത്ത പദ്ധതി.
ഹിമാലയൻ സസ്റ്റൈനബിലിറ്റി ഫണ്ട് രൂപീകരിക്കും
ഹിമാലയൻ ടെക്നോളജികൾക്കായി സെൻട്രൽ യൂണിവേഴ്സിറ്റി

*മറ്റു ചില പദ്ധതികൾ*

ചരിത്ര-സാംസ്കാരിക-ആത്മീയ കേന്ദ്രങ്ങളേയും ഹിമാലയം, മരുഭൂമി തീരദേശം, മെഡിക്കൽ കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിച്ചുള്ള 50 ടൂറിസ്റ്റ് സർക്ക്യൂട്ടുകൾ
നാഷണൽ മൾട്ടി സ്കിൽ മിഷൻ ആരംഭിക്കും.
ജനസംഖ്യാ നിയന്ത്രണ പദ്ധതി

*സംസ്കാരവും പൈതൃകവും സംരക്ഷിക്കൽ*

ഭരണഘടനാനുസൃതമായ വ്യവസ്ഥകളിലൂടെ രാമക്ഷേത്ര നിർമ്മാണം.
രാമ സേതു പദ്ധതിയുടെ കാര്യത്തിൽ തോറിയം നിക്ഷേപം സംബന്ധിച്ച് പഠിച്ച് രാജ്യ താൽപര്യ പ്രകാരം മാത്രം നടപടി
പശുവിനെയും പശുക്കുട്ടികളേയും സംരക്ഷിക്കും
ആധുനിക കാലത്തിനനുസരിച്ച് ഏക സിവിൽ കോഡ്

*സ്ഥാപനങ്ങളുടെ പരിഷ്കാരം*

പ്രധാനമന്ത്രിയുടെ ഓഫീസിന് നിർദ്ദിഷ്ട സംവിധാനത്തിൽ നടത്തിപ്പു ഭരണം
ശക്തമായ ലോക്പാൽ
ഇ ഗ്രാമവും വിശ്വഗ്രാമവും പദ്ധതികൾ
കോടതികളുടെയും ജഡ്ജ്മാരുടെയും എണ്ണം ഇരട്ടിപ്പിക്കും. ജനങ്ങളും സംവിധാനവും കർക്കശമായ വിലയിരുത്തും. മികച്ചവർക്കു സമ്മാനം നൽകും. പോരാത്തവർക്ക് അവസരവും പരിശീലനവും നൽകും.

**സർക്കാരിന്റെ ഒരേയൊരു ദർശനം: 'പ്രഥമം ഇന്ത്യ'**
**സർക്കാരിന്റെ ഒരേയൊരു ഗ്രന്ഥം: 'ഭരണഘടന'**
**സർക്കാരിന്റെ ഒരേയൊരു ശക്തി: 'ജന ശക്തി'**
**സർക്കാരിന്റെ ഒരേയൊരു പ്രാർത്ഥന: 'ജനക്ഷേമം'**
**സർക്കാരിന്റെ ഒരേയൊരു വഴി: 'എല്ലാവർക്കുമൊപ്പം, എല്ലാവർക്കും ക്ഷേമം'**

നമ്മുടെ പ്രതിജ്ഞ

**തുറന്ന, സുതാര്യമായ, സംവിധാനപ്രകാരമുള്ള സർക്കാർ**
**സക്രിയമായ, ജനോന്മുഖമായ സദ്ഭരണം**

## ഏക ഭാരതം- ശ്രേഷ്ഠ ഭാരതം

ബിജെപിയെ വിളിക്കൂ
ദേശത്തെ രക്ഷിക്കൂ

ഈ തവണ
മോദി സർക്കാർ